പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1731 07/03/2018-ൽ മറുപടിക്ക്

**നീതി ആയോഗ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | നീതി ആയോഗിന്റെ ആരോഗ്യരംഗത്തെ കുറിച്ചുള്ള പഠനറിപ്പോർട്ട് പ്രകാരം കേരളം എത്രാം സ്ഥാനത്താണ് നിൽക്കുന്നത്; നീതി ആയോഗിന്റെ പഠനറിപ്പോർട്ടിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ; | എ) | 2014-15 വർഷം ബേസ് ഇയറും 2015-16 വർഷം റഫറൻസ് ഇയറുമായി കണക്കാക്കി നടത്തിയ പഠനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. പ്രധാന ആരോഗ്യ സൂചികകൾ, ആരോഗ്യ രംഗത്തെ ഭരണ സംവിധാനം, ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ് (Health outcomes, Governance & Information, key inputs/processes) എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി 24 സൂചികകൾ ഉപയോഗിച്ചാണ് പഠനം നടത്തിയത്. രാജ്യത്തെ സംസ്ഥാനങ്ങളെ വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. വലിയ സംസ്ഥാനങ്ങളോടൊപ്പമാണ് കേരളത്തെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| ബി) | മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകും വിധത്തിൽ സംസ്ഥാനത്തെ ആരോഗ്യരംഗം നിലനിൽക്കുന്നതിന് ആർദ്രം മിഷൻ പദ്ധതി സഹായകരമായിട്ടുണ്ട് എന്ന വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; | ബി) | 2014-15 വർഷത്തെ സംസ്ഥാനങ്ങളുടെ പ്രവർത്തനം അടിസ്ഥാനമാക്കി 2015-16 ൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 2017-18 വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയ 'കുടുംബ ഡോക്ടർ' സങ്കൽപ്പത്തിൽ അധിഷ്ഠിതമായ 'ആർദ്രം' പദ്ധതിയുടെ പുരോഗതി ഉൾപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ